"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ശ്രീമതി. രാജശ്രീ അജിത്ത് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 2196/2023 മേലുള്ള 04.10.2023 തീയതിയിലെ ബഹു. കോടതിയുടെ വിധിന്യായം - കെ.റ്റി.ഡി.എഫ്.സി ലെ മാനേജിംഗ് ഡയറക്ടറായി ഡോ. രാജശ്രീ അജിത്തിനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.530/2023/TRANS തീയതി,തിരുവനന്തപുരം, 28-11-2023

---

പരാമർശം:-

1. 02.11.2023 തീയതിയായി ശ്രീമതി. രാജശ്രീ അജിത്ത് സമർപ്പിച്ച അപേക്ഷ
2. ശ്രീമതി. രാജശ്രീ അജിത്ത് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 2196/2023 മേലുള്ള 04.10.2023 തീയതിയിലെ ബഹു. കോടതിയുടെ വിധിന്യായം

<u>ഉത്തരവ്</u>

KIITSലെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിന്ന് വിടുതൽ ചെയ്തതിനാൽ പരാമർശം 1 പ്രകാരം ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി ലെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച് 06.08.2022 മുതലുള്ള സാലറിയും അതിന്റെ അരിയറും അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഡോ.രാജശ്രീ അജിത്ത്, ഗതാഗത വകുപ്പ് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. KTDFC-യിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്കോ മറ്റേതെങ്കിലും തത്തുല്യ തസ്തികയിലേക്കോ അപേക്ഷകയെ തിരികെ നിയമിക്കണമെന്നും തിരികെ പ്രവേശിക്കുന്ന തീയതി മുതൽ പരാതിക്കാരിക്ക്, തുല്യമായ ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നുംപരാമർശം 2 പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ, ഡോ. രാജശ്രീ അജിത്തിനെ കെ.റ്റി.ഡി.എഫ്.സി ലെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 6.08.2022 മുതലുള്ള സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇപ്രകാരം ബഹു.ഹൈക്കോടതി വിധി നടപ്പാക്കിയീക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(withc/l)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി., തിരുവനന്തപുരം.

ശ്രീമതി. രാജശ്രീ. അജിത്ത്, ശ്രേണി ഹിൽസ്, പണിക്കേഴ്സ് ലെയ്ൻ, ശാസ്തമംഗലം,

സ.ഉ.(സാധാ) നം.530/2023/TRANS

തിരുവനന്തപുരം.

ഐ& പി.ആർ. (വെബ്& ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ
Date: 29-11-2023 11:02:53

പകർപ്പ് - ഗതാഗത വകുപ്പ് മന്ത്രിയുടെ എ.പി.എസ്.

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.